II ഇ.ബി. XII- കേരള നിയമസഭ/XV-4

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 02, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13 (*61) **വിദ്യാഭ്യാസ അവകാശനിയമം**

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ കേരളത്തിൽ സ്ക്കൂൾ പ്രവേശന പ്രായം 5 വയസ്സ് എന്നുള്ളത് 6 വയസ്സാക്കി മാറ്റേണ്ടിവരുമ്പോൾ അത് സാമൂഹികമായി അംഗീകരിക്കപ്പെടേണ്ടതുണ്ടെന്നും സ്ക്കൂൾ സംവിധാനത്തിൽ ഒരു വർഷം കുട്ടികൾ തീരെ കുറയുന്ന അവസ്ഥ സംജാതമായേക്കാമെന്നും ലോവർ പ്രൈമറി ദേശീയ തലത്തിൽ 1 മുതൽ 5 വരെയാക്കുന്നതുകൊണ്ട് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടെന്നും എട്ടാം ക്ലാസ് അപ്പർ പ്രൈമറിയുടെ ഭാഗമാക്കുമ്പോൾ അദ്ധ്യാപകരുടെ പുനർവിന്യാസം ഉൾപ്പെടെയുള്ള ഘടനാപരമായ പ്രശ്നങ്ങൾ ഉണ്ടെന്നും ജനന സർട്ടിഫിക്കറ്റ് സ്കൂൾ പ്രവേശന സമയത്ത് ഹാജരാക്കുന്നത് സാർവ്വത്രികമായിട്ടുണ്ടെങ്കിലും ശരിയായ ജനന തീയതിയില്ലാതെ സ്കൂളിൽ ചേർക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ഒഴിവാക്കാനുള്ള ശ്രമങ്ങൾക്ക് ജനന സർട്ടിഫിക്കറ്റ് സ്ക്കൂൾ പ്രവേശന സമയത്ത് ആവശ്യമില്ലെന്നുള്ള തീരുമാനം ദോഷകരമായേക്കാമെന്നും കുട്ടി കളുടെ എണ്ണം നോക്കാതെ ക്ലാസ് ഡിവിഷനുകളുടെ എണ്ണം നോക്കി അദ്ധ്യാപകരെ കണക്കാക്കുന്നത് കെ.ഇ.ആർ. വ്യവസ്ഥയിൽ നിന്നും തികച്ചും ഭിന്നമാണെന്നും ദുർബല  വിഭാഗങ്ങളിൽപ്പെട്ടവർക്ക് 25 ശതമാനം സീറ്റ് റിസർവേഷൻ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ അനുവദിക്കണമെന്നത് പൊതുവിദ്യാഭ്യാസത്തെ ബാധിച്ചേക്കാമെന്നും കേരളീയ സമൂഹം എല്ലാ കുട്ടികൾക്കും പഠിക്കാനാവശ്യമായ സാമൂഹിക നിക്ഷേപം ഇതിനകംതന്നെ നടത്തിയിട്ടുണ്ടെന്നും അവിടങ്ങളിലെല്ലാം കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപ കരെയും നിയമിച്ചിട്ടുണ്ടെന്നും  ഈയൊരു അവസ്ഥയിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേരാൻ അനുവദിക്കുന്നതും അവരുടെ ചെലവ് സർക്കാർ വഹിക്കുന്നതും വിദ്യാഭ്യാസത്തിനായുള്ള സർക്കാരിന്റെ ചെലവ് ഇരട്ടിയായി വർദ്ധിപ്പിക്കുമെന്നും സംരക്ഷിത അദ്ധ്യാപകരുടെ പ്രശ്നം ഗുരുതരമാകുമെന്നും പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേ ണ്ടതിന്റെ ആവശ്യകതയുണ്ടെന്നും വിദ്യാഭ്യാസ രംഗത്ത് മുൻകാലങ്ങളിൽ വലിയ തോതിൽ നിക്ഷേപം നടത്തിയതിന്റെ ഫലമായി കേരളീയ വിദ്യാഭ്യാസ രംഗത്തുണ്ടായ വളർച്ച പരിഗണിച്ച് വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ചെലവ് കേന്ദ്ര സർക്കാർ വഹിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ സന്ദർശിച്ച പ്രതിനിധി സംഘം ഉന്നയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള പ്രസക്തിയും പ്രാധാന്യവും അംഗീകരിക്കുന്നുണ്ടെങ്കിലും ഈ നിയമത്തിന് അന്തിമരൂപം നൽകുന്നതിനുമുമ്പ് കേരളം പോലുള്ള സംസ്ഥാനങ്ങളുമായി

ചർച്ച ചെയ്തിരുന്നുവെങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. ഈ നിയമത്തിൽ പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യം നൽകുന്നുണ്ട്. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനും പത്താം ക്ലാസ് വരെയുള്ള സൗജന്യ വിദ്യാഭ്യാസത്തിനും ഈ നിയമം പരിഗണന നൽകുന്നില്ലെന്നും ഇത്തരം പ്രശ്നങ്ങൾ കണക്കിലെടുത്ത് അവ പരിഹരിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്ന വിധത്തിൽ കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്നും ഒന്നാം ഘട്ടത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയതായി അദ്ധ്യാപകരെ നിയമിക്കുന്നതിനുമായി 7900 കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നും കേന്ദ്ര നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ പ്രശ്നങ്ങൾ എങ്ങനെ മറികടക്കാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മുൻസെക്രട്ടറി ശ്രീമതി ലിഡാ ജേക്കബിനോട് ഇതുസംബന്ധിച്ച് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ നിയമം നടപ്പാക്കുന്നതിന് ഒരു വർഷത്തെ സാവകാശം തരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഭാഷാ അദ്ധ്യാപകരുടെ തൊഴിലോ തൊഴിലവസരങ്ങളോ നഷ്ടപ്പെടാത്ത തരത്തിലായിരിക്കും ഇത് നടപ്പാക്കുന്നതെന്നും ഈ നിയമം അനുസരിച്ച് ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളെ എട്ടാം ക്ലാസ് വരെയാണ് 25 ശതമാനം റിസർവേഷനിൽ അൺഎയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും അത്തരം കുട്ടികളുടെ തുടർവിദ്യാഭ്യാസത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ചട്ടങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ സി.പി. നായർ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ സ്വീകാര്യമായവ ഉൾപ്പെടുത്താവുന്നതാണെന്നും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണെന്നും ഭിന്നതല പഠനകേന്ദ്രങ്ങൾക്ക് സുസ്ഥിരമായി നിലനിൽക്കാനുള്ള അവസരമുണ്ടാകുമെന്നും പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 300 രൂപ വീതം നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും അതിന്റെ ഭാഗമായി ശാരീരികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയുന്നതരത്തിലുള്ള മൂത്രപ്പുരകളും സൗകര്യങ്ങളുമുണ്ടാക്കാനുള്ള ഒരു പദ്ധതിതന്നെ കൊണ്ടുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

14 (*92) <u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശന നടപടികൾ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സംവരണതത്വം പാലിച്ചുകൊണ്ട് താങ്ങാവുന്ന ഫീസിൽ 50% കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമൊരുക്കിക്കൊടുക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയമെന്നും 2009-10 അദ്ധ്യയന വർഷത്തിൽ പ്രവേശന നടപടികളുമായി ബന്ധപ്പെട്ട് ബഹുഭൂരിപക്ഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളും സർക്കാരുമായി ധാരണയിലെത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2009-10-ൽ ഗവൺമെന്റുമായി കരാറിലേർപ്പെടാത്ത 15 സ്വാശ്രയ സ്ഥാപനങ്ങളിൽ 50% സീറ്റുകളിൽ സർക്കാർ ലിസ്റ്റിൽ നിന്നല്ല പ്രവേശനം നൽകിയതെന്നും ഈ സ്ഥാപന

ങ്ങൾക്കുകൂടി ബാധകമാകുന്ന തരത്തിൽ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ച ഫീ ഘടനയ്ക്കെതിരെ മാനേജുമെന്റുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ഫീസ് പുനർനിർണ്ണയിക്കണമെന്ന് ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയോട് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും ഈ ഉത്തരവിനെതിരെ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണെന്നും ഉയർന്ന ഒരു ഫീ ഘടനയാണ് ഈ കോളേജുകൾ സ്വയം നിശ്ചയിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി. ഏതാണ്ട് മൂവായിരത്തോളം വിദ്യാർത്ഥികൾ പൂർണ്ണ ഫീസ് സൗജന്യത്തോടുകൂടി എൻജിനീയറിംഗ് കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുകയാണെന്നും എൻജിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഒട്ടേറെ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലും തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലും പുതിയ എം.ടെക് കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയിട്ടുള്ള സ്കോളർഷിപ്പ് ഘട്ടംഘട്ടമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയുമെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറാകാൻ ചോദ്യങ്ങൾ സി.ഡി.യിലാക്കിക്കൊടുക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 15 (*93) പ്ലസ് വൺ കോഴ്സിലേയ്ക്കുള്ള പ്രവേശന നടപടികളുടെ പുരോഗതി

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ വർഷത്തെ പ്രോസ്പെക്ടസിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം പ്ലസ് വൺ കോഴ്സിലേയ്ക്കുള്ള ആദ്യഘട്ട അലോട്ട്മെന്റുകൾ ജൂൺ 27-ന് പൂർത്തിയാക്കി ജൂൺ 30-നുതന്നെ ക്ലാസ്സുകൾ ആരംഭിച്ചുവെന്ന് സഭയെ അറിയിച്ചു. രണ്ടാമത്തെ അലോട്ട്മെന്റിന്റെ പ്രവേശനം ജൂൺ 18-ന് പൂർത്തിയായപ്പോൾ ആകെ ലഭ്യമായ സീറ്റുകളുടെ 80 ശതമാനത്തിലും വിദ്യാർത്ഥികൾ പ്രവേശനം നേടിക്കഴിഞ്ഞു. ഈ വർഷമാണ് പ്ലസ് 1-ന് ഏറ്റവും നേരത്തെ ക്ലാസ്സുകൾ ആരംഭിച്ചതെന്നും പുതുതായി പ്ലസ് വൺ കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടില്ലെന്നും പ്ലസ് വൺ സീറ്റുകളുടെ കുറവ് അനുഭവപ്പെടുന്ന തൃശ്ശൂർ ഉൾപ്പെടെയുള്ള മലബാർ മേഖലയിലെ 7 ജില്ലകളിലും ഇടുക്കി തമിഴ് ഭാഷാ ന്യൂനപക്ഷ മേഖലയിലും പുതിയ പ്ലസ് വൺ കോഴ്സുകളും സ്കൂളുകളും അനുവദിക്കാനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും മുൻവർഷത്തെപ്പോലെ സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഈ വർഷവും 20% മാർജിനൽ സീറ്റ് വർദ്ധനവും എയ്ഡഡ്/അൺഎയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ മാനേജർമാർ ആവശ്യപ്പെടുന്നപക്ഷം 20% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനായി ഹയർ സെക്കന്ററിയിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 3,27,555 സീറ്റുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതുകൂടാതെ പത്താംതരം പരീക്ഷയിൽ തുടർ

പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ സ്ഥാപനങ്ങളിലും പ്രവേശനം ലഭ്യമാണെന്നും റഗുലർ സ്കൂൾവഴി ഹയർ സെക്കന്ററി പ്രവേശനം ലഭിക്കാത്തവർക്ക് ഓപ്പൺ സ്കൂൾ മുഖേന ഉപരിപഠനത്തിന് അവസരമുണ്ടെന്നും കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്ലസ് വൺ പഠന സൗകര്യങ്ങളുണ്ടാക്കണമെന്നുള്ള ഗവൺമെന്റിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് മുൻഗണന നൽകി പുതിയ സ്കൂളുകളും ആവശ്യമുള്ളിടത്ത് പുതിയ ബാച്ചുകളും അനുവദിക്കാനും ജൂലൈ മാസംതന്നെ ക്ലാസ്സുകൾ ആരംഭിക്കാനും കഴിയുന്നതരത്തിലാണ് മുന്നോട്ട് പോകുന്നതെന്നും പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 846 മുതൽ 1105 വരെയുള്ള ചോദ്യങ്ങളിൽ 33 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)